# അഹ്മദികൾ പ്രവാചകനിഷേധത്തിന്റെ പാതയിൽ

“നാം നിനക്കായി ഗ്രന്ഥം അവതരിപ്പിച്ചു തന്നിരിക്കുന്നത്, ജനങ്ങൾക്കായി അവതരിപ്പിക്കപ്പെട്ട തെന്തെന്നു അവർക്ക് വ്യക്തമാക്കിക്കൊടുക്കുന്നതിനുവേിയാണ്, അതിലൂടെ അവർ കാര്യങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നതിനും” (16 –ാം അദ്ധ്യായം)

അല്ലാഹു (ത) എനിക്കുനൽകിയ വെളിപാടുകളിൽ ഒന്നാണ് ഈ വചനം വിശുദ്ധ ഖുർ–ആൻ, 16–ാം അദ്ധ്യായത്തിലെ ഒരു ആയത്ത് കൂടിയാണിത്. ഈ വചനത്തിൽ അല്ലാഹു (ത) നബിതിരുമേനി (സ) യേയും ഈ കാലഘട്ടത്തിൽ ഈ വിനീതനേയും അഭിസംബോധനചെയ്തിരിക്കുന്നു.

ഈ ദൈവീക സന്ദേശത്തിന്റെ വെളിച്ചത്തിൽ, അല്ലാഹു (ത) അയച്ച ഈ കാലഘട്ടത്തിലെ ഒരു വിനീത ദാസൻ എന്നനിലയിൽ ബലഹീനതകൾകൊ് നിറഞ്ഞവനും അധികാരമില്ലാത്തവനും ആയ ഞാൻ, എന്റെ നാഥന്റെ സഹായത്തോടെയും ഒരുപാട് പ്രാർത്ഥനകളും അപേക്ഷകളും മുഖേനയും എല്ലാവിധ ശ്രമങ്ങളും നടത്തുകയാണ്– അല്ലാഹു (ത) എനിക്ക് വെളിപ്പെടുത്തിയ സന്ദേശങ്ങൾ മനുഷ്യരാശിയെ അറിയിക്കുന്നതിനുവേി. മനുഷ്യർ തങ്ങളിൽ ഒരു പരിവർത്തനം സൃഷ്ടിക്കാൻ ജീവിതശൈലികളിൽ പൊതുവെ മാറ്റം വരുത്താൻ അല്ലാഹുവിലേക്ക് തിരിയാനും നശ്വരമായ ഈ ലോകത്തുനിന്നും തങ്ങളെത്തന്നെ അകറ്റിനിർത്താനും തയ്യാറാവേതു്. ഈ സന്ദേശം മനുഷ്യരാശിയെ പ്രത്യേകിച്ചും ലോകമെങ്ങും ഉള്ള അഹ്മദികൾ ഉൾപ്പെടെയുള്ള മുസ്ലീങ്ങളെ കേൾപ്പിക്കുന്നതിനുവേി എന്തുതരം ചെയാണ് ഉപയോഗിക്കേതെന്ന് എനിക്കറിയില്ല.

സത്യ നിഷേധികളുടെ വീക്ഷണത്തിൽ, അല്ലാഹു (ത) ആഗ്രഹിച്ചിരുന്നുവെങ്കിൽ അവരേയും അവരുടെ പൂർവ്വപിതാക്കന്മാരേയും എല്ലാം അവൻ ഏകദൈവവിശ്വാസികൾ ആക്കുമായിരുന്നു. അങ്ങനെ യായിരുന്നുവെങ്കിൽ അല്ലാഹുവിന്റെ കല്പനകൾ തങ്ങൾ നിഷേധിക്കുമായിരുന്നില്ലെന്ന് അവർ പറയുന്നു. അല്ലാഹുവിന്റെ ഒരു ദൂതൻ ഈ ലോകത്ത് അവതരിക്കുമ്പോഴെല്ലാം ഇക്കൂട്ടർ അങ്ങനെ പറയുന്നു. ചരിത്രവും നമ്മുടെ കാലവും ഇതിന് സാക്ഷിയാണ്. അവർ അല്ലാഹുവിന്റെ ദൂതനെ നിഷേധിക്കുകയും ദൈവീക കൽപനകളെ നിരാകരിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ ദൂതന് ദൈവീക സന്ദേശം പ്രബോധനം ചെയ്യുകയല്ലാതെ, മറ്റെന്താണ് ചെയ്യാൻ കഴിയുക?

താക്കീതുകാരായ ദൂതന്മാരെ അയക്കാതെ, അല്ലാഹു (ത) ഒരിയ്ക്കലും ഒരു ജനതയേയും അവരുടെ പാപങ്ങൾ നിമിത്തം ശിക്ഷിച്ചിട്ടില്ല അവർ ചെയ്തുകൂട്ടിയ തെറ്റുകുറ്റങ്ങൾക്കെതിരിൽ അവർക്ക് താക്കീത് ലഭിച്ച ശേഷമല്ലാതെ അവരുടെ പാപ പങ്കിലമായ ജീവിതം തുടർന്നാൽ അവർക്കു ശിക്ഷലഭിക്കുമെന്നു താക്കീതുചെയ്യാൻ ദൂതന്മാരെ അയയ്ക്കാതിരുന്നത് എന്തെന്നു ചോദിക്കാതിക്കാതിക്കുന്നതിന് വേിയത്രെ ഇത് അല്ലാഹു (ത). എല്ലാ സമൂഹങ്ങളിലും ദൈവ ദൂതന്മാരെ അയച്ചിട്ടു്. ഇനിയും അത് തുടർന്നുകൊിരിക്കും ഈ ദൂതന്മാർ ജനങ്ങളോട്പറയും “അല്ലാഹുവിനെ മാത്രം ആരാധിക്കുക, ശൈത്താനിൽനിന്നും അകന്നുമാറുക”. ഒരു ചെറിയ വിഭാഗമല്ലാതെ ആസന്ദേശം സ്വീകരിക്കുകയില്ല. സത്യസന്ദേശം സ്വീകരിക്കുന്ന പരിശുദ്ധാത്മാക്കളെ അല്ലാഹു(ത) നേർവഴിയിൽ നടത്തും അതേസമയം ദൈവീക സന്ദേശത്തിനും ദൂതനും എതിരിൽ പുറംതിരിഞ്ഞവർ, അവരുടെ അഹന്തനിമിത്തം അല്ലാഹുവിന്റെ മാർഗ്ഗത്തിൽനിന്ന് അകന്നുപോകും.

വിശുദ്ധഖുർ ആനിൽ അല്ലാഹു (ത) പറയുന്നു. നിങ്ങൾ ഭൂമിയിൽ ചുറ്റി സഞ്ചരിക്കുക, സത്യനിഷേധികളുടെ അന്ത്യം എങ്ങനെയായിരുന്നുവെന്നു കു മനസ്സിലാക്കുക” അല്ലാഹു (ത) പിന്നെയും പറയുന്നു. അവരെ നേർവഴിയിൽ നയിക്കാൻ നീ എത്രതന്നെ കിണഞ്ഞ് പരിശ്രമിച്ചാലും സാദ്ധ്യമല്ല. മറ്റുള്ളവരെ വഴി തെറ്റിക്കുന്നവരെ അല്ലാഹു വഴിനടത്തുകയില്ല. “അവരെ സഹായിക്കാനും ആരും ഉാവുകയില്ല”.

എന്നാൽ, ക്ഷമ കൈക്കൊള്ളുകയും തങ്ങളുടെ നാഥനിൽ വിശ്വാസം അർപ്പിക്കുകയും അല്ലാഹുവിന്റെ ദൂതന് ലഭിക്കുന്ന ദിവ്യസന്ദേശത്തിൽ വിശ്വസിക്കുകയും ചെയ്യുന്നവരാകട്ടെ, ദൈവീക സന്ദേശങ്ങളും നിർദ്ദേശങ്ങളും അനുസരിക്കുന്നതിൽ യാതൊരു വൈഷമ്യവും കാട്ടുകയില്ല. മറിച്ച്, അവർ അനുസരണത്തിൽ മുന്നേറാൻ പരിശ്രമിക്കും അല്ലാഹു (ത) ഇറക്കിയ ദൈവീക പ്രാഭാവത്തിൽ നിന്നും ആത്മീയ വിദ്യാഭ്യാസത്തിൽ നിന്നും സ്വതന്ത്രരാകാൻ അവർ വഴികത്തൊൻ ശ്രമിക്കുകയില്ല എന്നുമാത്രമല്ല എന്തുതന്നെ സംഭവിച്ചാലും, എല്ലാത്തരം പരീക്ഷണങ്ങൾക്കുനടുവിലും അതിശയകരമായ ക്ഷമയും അനുസരണവും അവർ പുലർത്തും. ഇത്തരം ആളുകളോടാണ് അല്ലാഹു (ത) വിശുദ്ധ ഖുർആനിൽ ഇങ്ങനെ വാഗ്ദാനം ചെയ്തിരിക്കുന്നത്. " ഭൂമിയിൽ വസിക്കാൻ ഒരു നല്ല സ്ഥലം നൽകപ്പെടും പാരത്രികലോകത്തെ പ്രതിഫലമാകട്ടെ അതിലും മെച്ചപ്പെട്ടതായിരിക്കും അവർ മനസ്സിലാക്കിയിരുന്നെങ്കിൽ".

നിങ്ങളുടെ കുടുംബത്തിലോ സ്നേഹബന്ധങ്ങളിലോ നിങ്ങൾ ചേർന്നു പ്രവർത്തിക്കുന്ന ജമാഅത്തിലോ ആകട്ടെ, ഹൃദയത്തിൽ രോഗമുള്ളവരെ ശരിക്കും തിരിച്ചറിയാൻ കഴിയുന്ന സന്ദർഭം ഏതാണ് ? കപടവിശ്വാസികളുടെ യഥാർത്ഥമുഖം തിരിച്ചറിയാനും അവർ നിങ്ങൾക്കെതിരിൽ ഉള്ളിൽ സൂക്ഷിക്കുന്ന വെറുപ്പ് കത്തൊനും കഴിയുന്നതെപ്പോഴാണ് ? മനുഷ്യന്റെ കാല്പാദങ്ങൾക്കടിയിൽ ദൈവീകാദ്ധ്യാപനങ്ങൾ ചവിട്ടിയരയ്കപ്പെടുമ്പോൾ, അല്ലാഹു (ത) അവതരിപ്പിച്ച യഥാർത്ഥ അദ്ധ്യാപനങ്ങളെ  പുനരുദ്ധരിക്കുവാൻ വേി അവൻ ദൂതനെ അയയ്ക്കുന്ന സന്ദർഭത്തിൽ കടുത്തയാഥാർത്ഥ്യങ്ങൾ നിങ്ങൾക്കുതിരിച്ചറിയാം. പ്രത്യേകിച്ചും, ഭൂരിപക്ഷം ജനങ്ങൾക്കുമേൽ അധികാരം കൈയ്യാളുന്നവർ, ജനങ്ങൾ തങ്ങളുടെ അധികാരത്തെ ഭയപ്പെടുന്നതിനുവേി, നിയന്ത്രണാധികാരം തങ്ങളിലാണെന്ന് ശഠിച്ചുകൊ് അവർക്കുചെയ്യാവുന്ന തെല്ലാം ചെയ്തു കൂട്ടുമ്പോൾ നിങ്ങൾക്ക് തിരിച്ചറിയാൻ കഴിയും. എല്ലാ സമൂഹങ്ങളിലും ഈ തത്വം പ്രാവർത്തിക മായിട്ടു്. ഓരോകാലത്തും ഇത് സംഭവിച്ചിട്ടു് ഒരു പ്രത്യേക കുടുംബം എല്ലാം നിയന്ത്രിക്കുന്നു. അവരുടെ അധികാരശക്തി ഉപയോഗിച്ച് തങ്ങളുടെ കൈയിലെ കളിപ്പാവകളാക്കി മാറ്റുന്നു.

അവരുടെ കൈകളിലുള്ള അധികാരശക്തിമൂലം അവർ അല്ലാഹുവിന്റെ കല്പനകൾക്കും പ്രവാചക ശ്രേഷ്ഠനായ മുഹമ്മദ്  നബി (സ) യുടെയും മറ്റു പ്രവാചകന്മാരുടെയും അദ്ധ്യാപനങ്ങൾക്കും എതിരിൽ പ്രവർത്തിക്കുന്നു. അല്ലാഹുവിനും അവന്റെ ദൂതന്മാർക്കും മുകളിൽ അവർ തങ്ങളെത്തന്നെ പ്രതിഷ്ഠിക്കുന്നു. അല്ലാഹുവിനെ ഭയക്കുന്നതിലേറെ ജനങ്ങൾ തങ്ങളെ ഭയക്കണമെന്ന് അവർ കരുതുന്നു. ജനഹൃദയങ്ങളിൽ ഈ ഭയം നട്ടുപിടിപ്പിക്കുന്നതിനായി ഏതറ്റം വരെ പോകാനും അവർ തയ്യാറാവുന്നു. അവരോട് എന്തെങ്കിലും അനുസരണക്കേട് കാട്ടിയാൽ, അത്തരക്കാരെ നിഷേധികളെന്ന് മുദ്രകുത്തി, അവരുടെ സഭയിൽനിന്നും പുറത്താക്കാൻ  ഒരുമടിയും ഇവർ കാട്ടുകയില്ല ഇതിനെല്ലാം പുറമെ, അവരുടെ ചിന്താസരണിയോട് യോജിക്കാത്തവരെ ശാപവാക്കുകൾകൊ് മൂടുന്നതിനും അവർമടിക്കുകയില്ല, പ്രത്യേകിച്ചും അല്ലാഹുവുംഅവന്റെ ദൂതനും പഠിപ്പിക്കുന്ന അദ്ധ്യാപനങ്ങളിൽ നിന്നും നേതൃത്വം വ്യതിചലിച്ചുപോയി എന്നു വിളിച്ചുപറയുന്നവരെ.

അവരുടെ കല്പനകൾ എതിർക്കുന്ന വ്യക്തികളോട് അവർ എന്താണ് ചെയ്യുക? അവർ മറ്റുള്ളവരുടെ വിശ്വാസത്തിനു മേൽ വിധി കൽപ്പിക്കുകയും തങ്ങളുടെ സഭയിൽ നിന്ന് അവരെ പുറത്താക്കും, തങ്ങളുടെ അഭിപ്രായം തുറന്ന് പറഞ്ഞതിന്റ പേരിൽ മാത്രമല്ല പുറത്താക്കപ്പെട്ടവർക്കെതിരിൽസാമൂഹിക ബഹിഷ്കരണം സംഘടിപ്പിക്കാൻ അവർ ജനങ്ങളോട് പറയും. അവരോട് സലാം ചൊല്ലുന്നത് വിലക്കും അവരുടെ പള്ളികളിലും യോഗങ്ങളിലും എല്ലായിടത്തും സർക്കുലറുകൾ വായിക്കപ്പെടും തങ്ങളുടെ വിയോജിപ്പ് രേഖപ്പെടുത്തിയതിന്റപേരിൽ പുറത്താക്കപ്പെട്ടവരുമായി ഒരു ബന്ധവും പുലർത്താതിരിക്കാൻ അനുയായികളോട് അവശ്യപ്പെടും. അങ്ങനെ പതുക്കെ പതുക്കെ വെറുപ്പ് സൃഷ്ടിക്കപ്പെടുന്നു. പീഢനങ്ങൾ പ്രകടമാകുന്നു. എല്ലാ ഗ്രാമങ്ങളിലും പട്ടണങ്ങളിലും

അവരുടെ പ്രതിനിധികൾ അയക്കപ്പെടുന്നു. നബി(സ) നില്ക്കേ മിമ്പറിൽ നിന്നുകൊ് ഈ പ്രതിനിധികൾ പുറത്താക്കപ്പെട്ടവർക്കെതിരിൽ ജനഹൃദയങ്ങളിൽ വിദ്വേഷവും വെറുപ്പും സൃഷ്ടിക്കുന്നു. ഹൃദയത്തിൽ ബലഹീനതഉള്ളവർ ഈ വെറുപ്പിന് അടിമപ്പെടുമ്പോൾ സമുദായത്തിൽ അധികാരികളാകുവാൻ വെമ്പൽ കൊള്ളുന്നവർ അവരെ ഉപയോഗപ്പെടുത്തും. ദീനിന്റെ വലിയ സംരക്ഷകരായി ഇവർ തങ്ങളെത്തന്നെ നിയമിച്ചുകൊ് കുടില പദ്ധതികൾ ആസൂത്രണം ചെയ്യും അല്ലാഹു (ത) അയച്ച പരിശുദ്ധ സന്ദേശത്തെ പിന്തുടരുന്നവരെ കളിയാക്കി പരിഹസിക്കുന്നതിൽ അവർ ഹരം കത്തെുന്നു.

തങ്ങളുടെ നാഥനിലേക്ക് തിരിച്ചു പോകാനുള്ളവരാണെന്ന് മനസിലാക്കിക്കൊ് തങ്ങളെത്തന്നെ പരിശുദ്ധരായി സൂക്ഷിക്കുകയും തങ്ങൾ ഒരിക്കൽ പ്രവർത്തിച്ചിരുന്ന വിഭാഗത്തിലെ നേതാക്കളുടെ കുടിലത തിരിച്ചറിയുകയും ചെയ്തവരുടെ മേൽ പീഢനപർവ്വം ആരംഭിക്കാൻ ഇവർ തയ്യാറാകുന്നു. സമുദായത്തിനുള്ളിലെ അധികാരമോഹങ്ങളും അഹന്തയും പരിശുദ്ധാത്മാക്കൾ  തീർച്ചയായും തിരിച്ചറിയുന്നു. പ്രവർത്തിയുമായി യാതൊരു ബന്ധവുമില്ലാത്ത  വെറുംവാക്കുകളായി മതമൂല്യങ്ങൾ അപ്രത്യക്ഷമായി എന്ന യാഥാർത്ഥ്യവും അവർ മനസിലാക്കുന്നു. തങ്ങൾ ഒരിക്കൽ പ്രവർത്തിച്ചിരുന്ന സംഘടന ഇപ്പോൾ അല്ലാഹുവും അവന്റെ ദൂതനും എന്തു പറഞ്ഞു? എന്നു ചിന്തിക്കുന്നില്ല മറിച്ച് ഇന്നയാൾ – എന്തുപറയുന്നു എന്നാണ് ചിന്ത. തീർച്ചയായും ഈ വ്യക്തികൾ  അവരവരുടെ സൃഷ്ടാവിനെ ഭയക്കുന്നതിലും ശ്രദ്ധിക്കുന്നതിലും ഏറെ പ്രാധാന്യം ഈ മനുഷ്യന് നൽകുന്നു. അവരുടെ നാഥനെ ഭയപ്പെടുന്നതിനു പകരം അവർ ഈ മനുഷ്യനെ ഭയക്കുന്നു.

അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കാനായി ഒരുപാട് ധനം ഇവർ സ്വരൂപിച്ചു. എന്നിട്ട് എന്താണ് സംഭവിച്ചുകൊിരിക്കുന്നത്? ഈ ധനമത്രയും ഒരു നിയന്ത്രണവുമില്ലാതെ ചെലവഴിച്ചുകൊിരിക്കുന്നു. ഉലകം ചുറ്റാനായി ധനം ഉപയോഗിക്കുന്നു. നേതാവും അദ്ദേഹത്തിന്റെ സുരക്ഷാസേനയും സെക്രട്ടറിമാരും എന്നാൽ, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പ്രവർത്തിക്കുവാനായി ഒരുമിഷനറിക്ക് അന്യരാജ്യത്തേക്ക് പോകേി വരുമ്പോൾ ഇവർ എന്താണ് ചെയ്യുന്നത് ? അദ്ദേഹത്തെ തനിയെ വിടുന്നു. ഭാര്യയും കുട്ടികളും അടങ്ങുന്ന കുടുംബത്തെ ഒരു നീകാലത്തേയ്ക്ക് അദ്ദേഹത്തിൽനിന്നും അകന്നു കഴിയാൻ നിർബ്ബന്ധിതരാക്കുന്നു. ഇസ്ലാമിന്റെ ഈ മഹൽ സംരക്ഷകരുടെ ന്യായം വളരെ ലളിതമാണ്. മിഷ്ണറി, അദ്ദേഹത്തിന്റെ ജീവിതം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമർപ്പിച്ചിരിക്കുകയാണല്ലോ?. ഇതാണു കാര്യമെങ്കിൽ, അവരുടെ നേതാവും അല്ലാഹുവിന്റെ പാതയിൽ തന്റെ ജീവിതം സമർപ്പിച്ച വ്യക്തി യല്ലേ?. ഒരു സാധാരണ മിഷ്ണറിയെ അപേക്ഷിച്ച്, കുടുംബത്തിനൊപ്പം ഉലകം ചുറ്റാനും, അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചുകൊ്, ത്യാഗം ചെയ്ത ധനം സംഭാവന നല്കിയ പാവങ്ങളുടെ പണം ധൂർത്തടിക്കാനും ആരാണ് അദ്ദേഹത്തിന് അവകാശം നല്കിയത്.? അദ്ദേഹത്തിനും കുടുംബത്തിനും ശിങ്കിടികൾക്കും എല്ലാ സൗകര്യങ്ങളും ആസ്വദിക്കാം. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജീവിതം സമർപ്പിച്ച ഒരു മിഷ്ണറിയ്ക്കാവട്ടെ, അടിസ്ഥാന അവകാശങ്ങൾപോലും നിഷേധിക്കപ്പെടുന്നു? ഇത്തരം കാര്യങ്ങൾ ഒക്കെ വെളിവാക്കപ്പെടുമ്പോൾ, ഈ നേതാവ് അല്ലാഹു (ത) തെരഞ്ഞെടുത്ത് അയച്ച ദൈവീക പ്രഭാവത്തെ തിരിച്ചറിയാനും അംഗീകരിക്കാനും തയ്യാറാവുമെന്ന് നിങ്ങൾ കരുതുന്നുവോ?

വാഗ്ദത്ത മസീഹ് (അ)  ആഗതനായപ്പോൾ, മുസ്ലിം ലോകം ഒരൊറ്റ ശക്തിയായി, പ്രവാചകത്വത്തിന്റെയും ദൈവീക വെളിപാടുകളുടേയും വാതിൽ കൊട്ടിയടച്ചുകൊ്, അദ്ദേഹത്തെ കള്ളനെന്നു മുദ്രമുത്തി. പ്രവാചകത്വത്തിന്റേയും ദൈവീക വെളിപാടുകളുടേയും വാതിൽ ഒരിക്കലും അടഞ്ഞുപോവുകയില്ലെന്നും മനുഷ്യർ ഭൂമിയിൽ ഉായിരിക്കുവോളം അതു തുറന്നുതന്നെ കിടക്കുമെന്നും മനുഷ്യൻ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്നും വ്യതിചലിക്കുമ്പോഴെല്ലാം ഹസ്രത്ത് മുഹമ്മദ് നബി(സ) കൊുവന്ന ഇസ്ലാം മതത്തെ പുനരുദ്ധരിക്കുന്നതിനായി അല്ലാഹു(ത) ഒരു പ്രവാചകനെ അയയ്ക്കുമെന്നും അഹ്മദിയ്യാ ജമാഅത്ത് ഈ മുസ്ലീംങ്ങളോടും ലോകത്തോടും ഉറക്കെ പ്രഖ്യാപിച്ചുകൊിരിക്കുന്നു.

എന്നാൽ ഈ കാലഘട്ടത്തിലാകട്ടെ, അവർ അനഹമദീ മുസ്ലീങ്ങളെക്കാൾ അധഃപതിച്ചിരിക്കുന്നു. വാഗ്ദത്ത മസീഹ് (അ) ന് ശേഷം ഒരു മസീഹും വരികയില്ലെന്ന് പറയാൻ അവർ ധൈര്യപ്പെടുന്നു. അഹ്മദിയ്യത്തിന്റെ ധ്വജവാഹകരമായി അവർ തങ്ങളെത്തന്നെ കരുതുന്നു. എന്നിട്ടും വാഗ്ദത്ത മസീഹ് (അ) അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ എന്താണ് പറഞ്ഞിരിക്കുന്നതെന്ന് അവർ അറിയുന്നില്ല. (അറിയുന്നവരിൽ ചിലരാകട്ടെ, ഈ സത്യം മറച്ചുവയ്ക്കുന്നു, ഈസത്യം അറിയില്ലെന്നു നടിക്കുന്നു.) ' അഹ്മദീ മുസ്ലീങ്ങൾ' എന്നത് അവരുടെ ഒരു വിളിപ്പേരായി ഒതുങ്ങിയിരിക്കുന്നു. വാഗ്ദത്ത മസീഹിന്റെ അനുചരർ ആണെന്നു അവർ ആണയിടുന്നു. അല്ലാഹു(ത) തിരുനബി (സ.അ) യിലൂടെയും വാഗ്ദത്ത മസീഹ് ഹസ്രത്ത് അഹ്മദ് (അ) ലൂടെയും ഇറക്കിയ അധ്യാപനങ്ങൾ അവർക്ക് കൈമോശം വന്നിരിക്കുന്നു.

ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങൾ പുനരുദ്ധരിയ്ക്കാനായി അല്ലാഹു (ത) അവന്റെ ഒരു ദൂതനെ അയച്ചു. അപ്പോൾ അല്ലാഹു (ത) അയച്ച ഈ വിനീത ദാസനെ ജനങ്ങൾ തിരിച്ചറിയാതിരിക്കാൻ വേി, ഇവർ കുടില പദ്ധതികൾ ആസൂത്രണം ചെയ്യാൻ മുതിരുന്നു. അല്ലാഹു (ത) അയച്ച ഈ വിനീത ദാസനെ അംഗീകരിക്കുന്നവരെ എല്ലാരീതിയിലും ഒറ്റപ്പെടുത്താനും ഉപദ്രവിക്കാനും അവരുടെ കുടുംബാംഗങ്ങൾ തന്നെ നേതൃത്വം കൊടുക്കുന്നു. ഈ അക്രമികൾ വിശുദ്ധ ഖുർആൻ നന്നായി മനസ്സിലാക്കിയിരുന്നെങ്കിൽ, ദിവ്യസന്ദേശം അംഗീകരിച്ച ദൈവ ഭക്തരെ എല്ലാരീതിയിലും ഉപദ്രവിക്കുകയെന്ന ദുർവൃത്തിയെക്കുറിച്ച് അവർ ഭയപ്പെടുമായിരുന്നു. അങ്ങനെ, സത്യത്തിന്റെ പാതയിൽ നിന്ന് അവർ ജനങ്ങളെ തടയുകില്ലായിരുന്നു. ഇത്തരക്കാരെ ക്കുറിച്ച് വിശുദ്ധ ഖുർആൻ ഇങ്ങനെ പറയുന്നു. " കുടില പദ്ധതികൾ ആസൂത്രണം ചെയ്യുന്നവർ, തങ്ങൾ സുരക്ഷിതരാണെന്നു സ്വയം കരുതുന്നുവോ? അല്ലാഹു (ത) അവരെ ഭൂമിയിലാഴ്ത്തിക്കളയുകയില്ലെന്നോ, അവർ പ്രതീക്ഷിയ്ക്കാത്ത ദിശയിൽ നിന്നു അവരുടെ മേൽ ശിക്ഷയിറക്കി പിടികൂടുകയില്ലെന്നോ അവർ കരുതുന്നുവോ? അല്ലെങ്കിൽ , അവരുടെ പദ്ധതികൾക്കിടയിൽ അവൻ അവരെ പിടികൂടുകയില്ലെന്ന് അവർ ധരിക്കുന്നുവോ? അവർ യാതൊരു രക്ഷാമാർഗ്ഗവും കത്തെുകയില്ല."

ഈ ദൈവീക വാക്കുകളിൽ ചിന്തിക്കുക, നിങ്ങൾ അല്ലാഹു(ത)വിനെ മാത്രം ഭയപ്പെടുക, മനുഷ്യരെ ഭയക്കരുത്. ഓർക്കുക, നമ്മുടെ ആഹാരം, വെള്ളം, അന്തസ്സ്, മഹത്വം, ബുദ്ധി, ആരോഗ്യം, ധനം അങ്ങനെ എല്ലാം അല്ലാഹു (ത) നല്കിയതാണ്, മനുഷ്യരല്ല. അപ്പോൾ, അല്ലാഹുവിനെ ഭയക്കുന്നതിലെറെ മനുഷ്യരെ ഭയക്കുന്നതെന്തിനാണ്?. നിങ്ങളുടെ പാപങ്ങളുടെ പേരിൽ അല്ലാഹു(ത) നിങ്ങളെ പിടികൂടിയിരുന്നെങ്കിൽ, ഭൂമിയിൽ ഒരാത്മാവും അവേശേഷിക്കുമായിരുന്നില്ല. എന്നാൽ അല്ലാഹു (ത) ആകട്ടെ, കുറച്ചുകാലം നമുക്കായി അനുവദിച്ചിരിക്കുന്നു. പിന്നീട് വിധിക്കപ്പെട്ട സമയം അവസാനിക്കുമ്പോൾ, നമുക്കത് നീട്ടിവയ്ക്കാൻ ആവുകയില്ല– ഒരു നാഴികയോ, ഒരു നിമിഷമോ പോലും.

അതുകൊ്, തെറ്റായ വിശ്വാസങ്ങൾ മുറുകെപ്പിടിച്ചുകൊ്, നിങ്ങൾക്കായി അല്ലാഹു(ത) ഇറക്കിയ അനുഗ്രഹങ്ങളിൽ നിന്നു നിങ്ങൾ പിന്തിരിഞ്ഞുകളയുമോ ?. ഈ കാലഘട്ടത്തിൽ, നിങ്ങൾക്കായി അല്ലാഹു (ത) ഇറക്കിയ അനുഗ്രഹത്തെ നിഷേധിച്ചുകൊ്. മനുഷ്യർ സ്വന്തം കരങ്ങളാൽ തെരഞ്ഞെടുത്ത ഒരു മനുഷ്യന്, അല്ലാഹു താൻതന്നെ തെരഞ്ഞെടുത്ത് ആദരിച്ച ഖലീഫത്തുല്ല –അല്ലാഹുവിന്റെ ഖലീഫ– എന്ന സ്ഥാനത്തേക്ക് ഉയർത്തിയ ഒരാളേക്കാളും പ്രാധാന്യം നിങ്ങൾ നല്കുമോ? അതുകൊ്, അല്ലാഹു (ത) തെരഞ്ഞെടുത്ത് അയച്ച ഒരാളെ പരിഹസിച്ച്, അവഹേളിക്കുന്ന രീതി അവസാനിപ്പിക്കുക. നിങ്ങളല്ല, എല്ലാം അറിയുന്നവൻ അല്ലാഹുവാണ്. അപ്പോൾ, നിങ്ങൾ വ്യാജവിശ്വാസം കൈകൊള്ളുകയാണോ? ഇസ്ലാമിന്റെയും തിരുനബി(സ) യുടേയും മസീഹി (അ) ന്റേയും അദ്ധ്യാപനങ്ങൾക്ക് വിരുദ്ധമായ കാര്യങ്ങളിൽ നിങ്ങൾ വിശ്വാസം അർപ്പിക്കുകയാണോ? ജഗന്നിയന്താവായ അല്ലാഹുവിലേക്ക് നയിക്കുന്ന നേർപാതയിലേക്ക് ജനങ്ങളെ വഴി നടത്താനായി, ഈ കാലഘട്ടത്തിലേക്ക് അയയ്ക്കപ്പെട്ട അല്ലാഹുവിന്റെ വിനീതദാസനാകുന്നു ഞാൻ. നിങ്ങളിലേക്ക് ഇറക്കപ്പെട്ട ഈ ദൈവീകാനുഗ്രഹങ്ങളെ നിങ്ങൾ നിരാകരിക്കുകയാണോ?

ഇന്ന് 2011, ജനുവരി മാസം 7–ാം തീയതി. ഈ ഖുത്തുബയിൽ ഈ വർഷം സംഭവിക്കാൻ പോകുന്ന ചില കാര്യങ്ങളെക്കുറിച്ച് പറയുവാൻ ഉദ്ദേശിക്കുന്നു ഇൻഷാ അല്ലാഹ്

ഈ വർഷം കാലാവസ്ഥയിൽ വലിയ വ്യത്യാസങ്ങൾ അനുഭവപ്പെടും. ഉഷ്ണകാലത്ത് ചൂടും തണുപ്പ് കാലത്ത് തണുപ്പും അധികരിക്കും. മൗറീഷ്യസിൽ പ്രളയം ഉാകും. (രാജ്യത്തെ രാഷ്ട്രീയ, സാമ്പത്തിക, ആരോഗ്യ, വിദ്യാഭ്യാസ മേഖലകളെപ്പറ്റി പ്രവചനാത്മമായി ഖലീഫത്തുല്ലാ വിശദീകരിച്ചു)

എല്ലാ മതങ്ങളും ആത്മീയശോഷണം നേരിടും, ജനങ്ങളുടെ ആരാധനകൾ ചടങ്ങുകളായി ചുരുങ്ങും. വാക്കും പ്രവർത്തിയും തമ്മിലുള്ള അന്തരം വർദ്ധിക്കും. ധനവും വസ്തുവും ആർജ്ജിക്കുവാനുള്ള ത്വര ദൈവീകാദ്ധ്യാപനങ്ങൾ നടപ്പിൽ വരുത്തുന്ന കാര്യത്തിൽ ഉാവുകയില്ല. മതപുരോഹിതന്മാരും നേതാക്കളും ജനങ്ങളെ വഴികേടിലാക്കും.

മുസ്ലീങ്ങളുടെ അധഃപതനം തുടരും. യഥാർത്ഥ ദൈവ ഭക്തർ മാത്രമേ ഖുർആനിക കല്പനകളും തിരുസുന്നത്തും വിലവയ്ക്കുകയുള്ളൂ. സമുദായത്തിനുള്ളിൽ വഴക്കും സംഘർഷവും അധികരിക്കും.

“ജമാഅത്തു സഹീഹിൽ ഇസ്ലാം”, പ്രത്യേകിച്ചും ഈ വിനീതൻ, ഒരു പാട് വലിയ പരീക്ഷണങ്ങളെ നേരിടും. വ്യക്തിപരമായ ആക്രമണങ്ങൾ, കുറ്റപ്പെടുത്തലുകൾ, ബഹിഷ്കരണങ്ങൾ, പിഢീപ്പിക്കൽ ഒക്കെ ഉാവും, എങ്കിലും ഇവയൊന്നും ജമാഅത്തിന്റെ പുരോഗതിയെ ബാധിക്കുകയില്ല. ജമാഅത്തുജോലികൾ ഈ വർഷം ഇരട്ടിയാകും, എല്ലാനിലയിലും അധികരിക്കും, കൂടുതൽ വ്യക്തികൾ ജമാഅത്തിൽ പ്രവേശിക്കും. നമ്മുടെ വെബ്സൈറ്റിലൂടെയും കത്തുകളിലൂടേയും ധാരാളം പേർ ബന്ധം പുലർത്തും. ഇൻഷാ അല്ലാഹ്. നമ്മെ ആക്രമിക്കുന്നവർക്കെതിരിൽ അല്ലാഹുവിന്റെ സിംഹങ്ങളെപ്പോലെ നാം പൊരുതും.

അഹ്മദീ മുസ്ലീംകളുടെ ഖലീഫ ഭൂമിയിലെ അവരുടെ ദൈവം ആയിമാറും. എല്ലാ പ്രവർത്തികളും ഖലീഫയുടെ വചനങ്ങൾക്കനുസരിച്ച് ആയിത്തീരും. എനിക്കെതിരെ വ്യക്തിപരമായും ജമാഅത്തിനോടും ഉള്ള അവരുടെ വെറുപ്പ് നിമിത്തം നാം കൂടുതലായി സാമൂഹിക ബഹിഷ്കരണങ്ങളെ നേരിടേവരും. അവരുടെ യുവാക്കളും ‘വഖ്ഫെനൗ’ അംഗങ്ങളും വഴികേടിന്റെ പാതയിൽ സഞ്ചരിക്കും. അമീറും കൂട്ടരും അവരുടെ കുടില പദ്ധതികൾ തുടരും. എന്തായാലും, അല്ലാഹുവിന്റെ പ്രത്യേക സഹായത്തോടെ, ഈ കാലഘട്ടത്തിലെ മൂസാ, ഫറോവമാരെ തുംതുമാക്കും. ഇൻശാ അല്ലാഹ്. ആമീൻ

അല്ലാഹു(ത) നിങ്ങൾക്കെല്ലാവർക്കും മോചനം നല്കട്ടെ. നിങ്ങൾ ഓരോരുത്തരുടേയും ഹൃദയത്തെ സത്യം സ്വീകരിക്കാനായി അല്ലാഹു(ത) തുറക്കട്ടെ. ആമീൻ.

Friday Sermon of 07 January 2011,
delivered by :
**HAZRAT MUNIR AHMAD AZIM**, ***Khalifathullah***
*Translated by **Fazil Jamal** BAL, LLB, LLM M.Phil*

**Issued by** : R. Jamaludin Raother,
*Amir, Jamaat Ul Sahih Al Islam, Kerala*
9447001832, 0475- 2252530,
E-mail : Jamal.raother@gmail.com